30-04-2022

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Sunilkumar R

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-30/04/2022.

1. പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ അറിയിക്കുവാനായി കൃഷിവകുപ്പ് കൺട്രോൾ റൂമുകൾ പ്രവർത്തനമാരംഭിച്ചു. കൺട്രോൾ റൂം ഫോൺനമ്പറുകൾ താഴെ പറയുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | 9383470086 | 9383470092 |
| കൊല്ലം | 9447104855 | 7907935033 |
| പത്തനംതിട്ട | 9495734107 | 9495606930 |
| കോട്ടയം | 9383470704 | 9447661125 |
| ആലപ്പുഴ | 8848017609 | 9447400212 |
| എറണാകുളം | 9383471150 | 9383471180 |
| തൃശ്ശൂർ | 9383473242 | 9383473536 |
| പാലക്കാട് | 9447359453 | 9447839399 |
| മലപ്പുറം | 9400000914 | 9446474275 |
| കോഴിക്കോട് | 8547802323 | 9847402917 |
| ഇടുക്കി | 9447232202 | 9447447705 |

2. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കുന്ന കൂടും കോഴിയും പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ഇന്ന് (ഏപ്രിൽ 30) രാവിലെ 9 മണിക്ക് കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിൽ വച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലതികാ വിദ്യാധരന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും.

3. ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ കേരളയുടെ വേൾഡ് വെറ്ററിനറി ദിനാഘോഷങ്ങളുടെ ഉദ്ഘാടനം ഇന്ന് (ഏപ്രിൽ 30) രാവിലെ 9 മണിക്ക് തിരുവനന്തപുരത്ത് വച്ച് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. ജി. ആർ. അനിൽ നിർവഹിക്കും.

4. ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാമിലെ 3 വർഷം പ്രായമുള്ള രണ്ട് കാളകളെ ഇന്ന് (ഏപ്രിൽ 30) പകൽ 12 മണിക്ക് പരസ്യലേലം വഴി വിൽപ്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഇന്ന് (ഏപ്രിൽ 30) ലേലത്തിനു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും 1000 രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ് കൂടുതൽ വിവരങ്ങൾ പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

5. വെള്ളായണി കാർഷിക കോളേജിലെ ബയോകൺട്രോൾ ലബോറട്ടറിയിൽ നിന്നും മിത്രപ്രാണികളുടെ **മുട്ടകാർഡ് അഥവാ ട്രൈക്കോകാർഡുകൾ** ലഭ്യമാണ്. കൃഷിക്ക് ദോഷകരമാകുന്ന കീടങ്ങൾക്കെതിരെയുള്ള ജൈവീക കീട നിയന്ത്രണ ഉപാധിയാണ് ട്രൈക്കോകാർഡ്. നെല്ലിന്റെ തണ്ടുതുരപ്പൻപുഴു, ഓലചുരുട്ടിപ്പുഴു, പച്ചക്കറിവിളകളിലും മറ്റുവിളകളിലും കാണുന്ന പുഴുവർഗ്ഗകീടങ്ങൾ എന്നിവയ്ക്കെതിരെ ട്രൈക്കോകാർഡുകൾ ഫലപ്രദമാണ്. ഒരു കാർഡിന് 50 രൂപയാണ് വില. ഒരു ഹെക്ടർ നെൽകൃഷിയ്ക്ക് ഒറ്റത്തവണ ഉപയോഗിക്കാൻ 250 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക്. **9645136567, 9446378182** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ള കർഷകർ **0479-2452277, 9495805511** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യസംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പരുകളിലോ ccmanuuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. വെറ്ററിനറി സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി വെറ്ററിനറി ആന്റ് അനിമൽ സയൻസസ് കോളേജിൽ BVSc&AH കോഴ്സിന് ജനറൽ വിഭാഗത്തിൽ നിലവിൽ ഒരു സീറ്റ് ഒഴിവുണ്ട്. ഈ ഒഴിവ് നികത്തുന്നതിനായി ഇന്ന് (ഏപ്രിൽ 30) രാവിലെ 11 മണിക്ക് വയനാട് ജില്ലയിലെ പൂക്കോടുള്ള വെറ്ററിനറി സർവകലാശാലയുടെ ആസ്ഥാനത്ത് വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് www.kvasu.ac.in എന്ന സർവകലാശാലയുടെ വെബ്സൈറ്റ് സന്ദർശിക്കുക.

9. കേരള സംസ്ഥാന പൗൾട്രി വികസന കാർപ്പറേഷനിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000919 (മാള), 9495000923 (കൊട്ടിയം), 9495000915, 9495000918 (തിരുവനന്തപുരം)** എന്നീ ഫോൺ നമ്പരുകളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

### പരിശീലന പരിപാടികൾ

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (DRC) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് മെയ് 04 മുതൽ 06 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127, 7306464582** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

### കാർഷിക നിർദ്ദേശങ്ങൾ

11. വേനൽക്കാല കൃഷിക്കായി പയർ, ചീര, വെള്ളരി, കക്കിരി, പടവലം, ചുരയ്ക്ക, പീച്ചിൽ തുടങ്ങിയ വിളകൾ തിരഞ്ഞെടുക്കുക. കാണികാ ജലസേചന രീതി, പുതയിടൽ തുടങ്ങിയവ അനുവർത്തിക്കുക. പച്ചക്കറി വിളകളിൽ നീരൂറ്റികുടിക്കുന്ന കീടങ്ങളായ ഇലപ്പേൻ,പച്ചത്തുള്ളൻ, മുഞ്ഞ എന്നിവയുടെ ആക്രമണം രൂക്ഷമായി കാണാം. അടുക്കളത്തോട്ടങ്ങളിൽ ആഴ്ചയിലൊരിക്കൽ 2% വേപ്പെണ്ണ എമൽഷൻ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തളിക്കാം. മഞ്ഞ കെണി വയ്ക്കുന്നതിലൂടെ മുഞ്ഞ, വെള്ളീച്ച എന്നിവയെ നിയന്ത്രിക്കാവുന്നതാണ്. മണ്ഡരിബാധ കാണുകയാണെങ്കിൽ വെറ്റബിൾ സൾഫർ 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം